LIBRARY ARCHIVES Kerala Legislative Assembly

തുറമുഖ-ഫിഷറീസ്-ടൂറിസം വകുപ്പുകളുടെ സർവ്വീസ് വകുപ്പായ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഇപ്പോൾ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന തീരദേശ മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുള്ള സർവ്വീസ് വകുപ്പായും പ്രവർത്തിച്ചുവരുന്നു.

പദ്ധതി പ്രവൃത്തികളുടെ പുരോഗതി നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമായി ഐ-പ്രൊമിസ് പ്രോഗ്രാം നടപ്പിലാക്കിയതിനുപുറമേ എസ്റ്റിമേറ്റുകൾ കുറ്റമറ്റ രീതിയിലും വേഗത്തിലും തയ്യാറാക്കുന്നതിന് പ്രൈസ് സോഫ്റ്റ്വെയർ നടപ്പിലാക്കിവരുന്നു. കൂടാതെ ഈ വകുപ്പിന്റെ മാന്വൽ പരിഷ്കരിക്കുന്ന നടപടികൾ നടന്നുവരുന്നു. മാത്രവുമല്ല അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിൽ എസ്റ്റിമേറ്റ് തുക വരുന്ന പ്രവൃത്തികൾ ഇ-ദർഘാസ് മുഖേനയാക്കിയതുവഴി വളരെ കുറഞ്ഞ സമയത്തിനുള്ളിൽ മത്സരസ്വഭാവമുള്ള ഓഫറുകൾ ലഭിക്കുവാനിടയാക്കി ഇവയൊന്നും കൂടാതെ ഇഫക്ടീവ് മാനേജ്മെന്റ് ഇൻ ലെറ്റർ ഓഫ് ക്രെഡിറ്റ് ഇഷ്യൂവൽ സംവിധാനം ഏർപ്പെടുത്തിയതുവഴി യഥാസമയത്തിനും മുൻഗണനാ ക്രമത്തിലും കരാറുകാർക്ക് പേയ്മെന്റ് ശിപാർശ ചെയ്യുവാനും സാധിക്കുന്നു.

(ബി) തീരദേശ മേഖലയുടെ സമഗ്രമായ വികസനവും ഉന്നമനവും കൈവരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) പദ്ധതികൾ യഥാസമയം നടപ്പിലാക്കുവാൻ എല്ലാ മാസവും വിവിധതലങ്ങളിൽ അവലോകനയോഗങ്ങൾ നടത്തി പ്രശ്നങ്ങൾ പരിഹരിച്ച് നിശ്ചിത കാലാവധിക്കുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഓലക്കീൽക്കടവ് പാലം

118 (3225) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പയ്യന്നൂർ മണ്ഡലത്തിലെ രാമന്തളി ഗ്രാമപഞ്ചായത്തിനെയും കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി ഗ്രാമപഞ്ചായത്തിനെയും ബന്ധിപ്പിക്കുന്ന തീരദേശ മേഖലയിലെ ജനങ്ങൾക്ക് ഉപകാരപ്രദമായ ഓലക്കീൽക്കടവ് പാലം നിർമ്മിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രാഥമിക പഠനം നടത്തുന്നതിനായി 10 ലക്ഷം രൂപ ചെലവ് വരുന്ന ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് അനുമതിക്കായി 10-7-2013-ന് സർക്കാരിൽ സമർപ്പിച്ചിരുന്നുവെങ്കിലും ഇതുവരെ ഭരണാനുമതി ലഭിച്ചിട്ടില്ല. 11-7-2014-ലെ സബ്മിഷന് മറുപടിയായി ബഹു. മന്ത്രി പ്രസ്തുത എസ്റ്റിമേറ്റിന് ഉടനെ അനുമതി നൽകാമെന്ന് പറഞ്ഞിരുന്നു. ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) കണ്ണൂർ ജില്ലയിലെ പയ്യന്നൂർ മണ്ഡലത്തിലെ രാമന്തളി ഗ്രാമപഞ്ചായത്തിലെ ഓലക്കീൽക്കടവിൽ പാലം പണിയുന്നതിന്റെ പ്രാഥമിക പഠനം നടത്തുന്നതിനായി പത്ത് ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ സമർപ്പിച്ചിരുന്നു. എന്നാൽ ടി പദ്ധതിക്ക് നബാർഡിന്റെ അംഗീകാരം കിട്ടിയിട്ടില്ലാത്തതിനാൽ പ്രസ്തുത പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന്റെ ചെലവ് RIDF ശീർഷകത്തിൽ വഹിക്കുവാൻ കഴിയുകയില്ല. ആയതിനാൽ ഈ ചെലവ് ഉചിതമായ മറ്റ് ശീർഷകത്തിൽ (non-plan) നിന്നും കണ്ടെത്തുവാൻ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുന്നതാണ്.

ഭൂരഹിതരും-ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്കുള്ള ഫ്ലാറ്റ്

119 (3226) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരും-ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഫ്ലാറ്റ് നിർമ്മാണത്തിന് കർമ്മ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഭൂരഹിതരും ഭവനരഹിതരുമായ തെരഞ്ഞെടുക്കപ്പെടുന്ന 450 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം കണ്ടെത്തി ഫ്ലാറ്റ് നിർമ്മിച്ച് നൽകുന്ന ഭൂരഹിത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന പദ്ധതിക്ക് 2014-15 സാമ്പത്തിക വർഷം 48.75 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly